പഞ്ചാ. ഡയറക്ടറുടെ കാര്യാലയം
പബ്ളിക് ഓഫീസ്
വികാസ് ഭവൻ പി.ഒ.
തിരുവനന്തപുരം. 695033

പി. മേരിക്കുട്ടി. ഐ.എ.എസ്.
ഡയറക്ടർ

തിയതി..................................

**അർദ്ധ ഔദ്യോഗിക കത്ത് നം. ഇ11-836/2018 തീയതി 22.01.2018**

പ്രിയ സഹപ്രവർത്തകരെ,

സംസ്ഥാനത്തെ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ഓഫീസുകളുടെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കി അതോടൊപ്പം ഗ്രാമപഞ്ചായത്ത് ഓഫീസുകളുടെ പ്രവർത്തനങ്ങളും കൂടുതൽ ജനോപകാരപ്രദവും കാലതാമസം കൂടാതെ സേവനങ്ങളും നൽകുന്നതിലേക്കായി വിവിധ കർമ്മപദ്ധതികൾ വകുപ്പ് തലത്തിൽ ആരംഭിച്ചിട്ടുണ്ട്. പ്രസ്തുത നടപടികൾ പ്രാവർത്തികമാക്കുന്നതിലേക്കായി ഉദ്യോഗസ്ഥരുടെ പ്രവർത്തനങ്ങളും സസൂക്ഷ്മം നിരീക്ഷിക്കുവാൻ തീരുമാനിച്ചിട്ടുള്ള വിവരം അറിയിക്കുന്നു. മേൽപ്പറഞ്ഞ പ്രകാരമുള്ള പ്രവർത്തനങ്ങളുടെ ഭാഗമായി പഞ്ചായത്ത് വകുപ്പിലെ ഡെപ്യൂട്ടി ഡയറക്ടർ, അസിസ്റ്റന്റ് ഡയറക്ടർ തസ്തികകളിൽ ജോലി ചെയ്യുന്ന ഉദ്യോഗസ്ഥരുടെ ഓരോ മാസത്തെയും ഭരണപരമായ ഇടപെടലുകളുടെയും പ്രവർത്തന നേട്ടങ്ങളുടെയും സ്വയംസാക്ഷ്യപ്പെടുത്തൽ അതാത് ഉദ്യോഗസ്ഥർ തയ്യാറാക്കി സാക്ഷ്യപ്പെടുത്തി എല്ലാ മാസവും 10-ാം തീയതിയ്ക്കകം പഞ്ചായത്ത് ഡയറക്ടർ മുമ്പാകെ ലഭ്യമാക്കേണ്ടതാണ്. ഇതോടൊപ്പം ടി തസ്തികകളിലേയ്ക്ക് നടപ്പ് വർഷം സ്ഥാനക്കയറ്റത്തിന് പരിഗണിക്കപ്പെടേണ്ട സ്പെഷ്യൽ ഗ്രേഡ് തസ്തികയിലെ സീനിയോറിറ്റി ലിസ്റ്റിൽ ക്രമനമ്പർ 1425 വരെ ഉൾപ്പെട്ട ഉദ്യോഗസ്ഥരുടെ ഭരണപരമായ ഇടപെടലുകളുടെയും പ്രവർത്തന നേട്ടങ്ങളുടെയും സ്വയംസാക്ഷ്യപ്പെടുത്തലുകളും പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ മുഖാന്തിരം ലഭ്യമാക്കേണ്ടതാണ്.

ജനോപകാരപ്രദവും കാര്യക്ഷമവുമായ സിവിൽ സർവ്വീസ് പ്രവർത്തനങ്ങൾ നടപ്പിലാക്കി വകുപ്പിന്റെ യശസ്സ് ഉയർത്തുന്നതിന് താങ്കളുടെ വ്യക്തിപരമായ സഹകരണം പ്രതീക്ഷിച്ചുകൊള്ളട്ടെ.

ആത്മാർത്ഥതയോടെ

എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും
എല്ലാ പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർമാർക്കും
പരാമർശിക്കപ്പെട്ട എല്ലാ ഗ്രാമപഞ്ചായത്ത് സെക്രട്ടറി/പെർഫോമൻസ് ആഡിറ്റ് സൂപ്പർവൈസർ/സീനിയർ സൂപ്രണ്ട്

ഫോൺ . നം. 0471- 2323288 (o) ഫാക്സ് 0471- 2323286, വെബ്സൈറ്റ്: lsgkerala.gov.in, ഇ - മെയിൽ: directorofpanchayat@gmail.com